**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4127** **17-03-2025 - ൽ മറുപടിയ്ക്ക്**

**അജൈവ മാലിന്യ ശേഖരണ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വലുതും ചെറുതുമായി എത്ര മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനത്ത് വലുതും ചെറുതുമായി 1139 പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ട്. തുമ്പൂർമുഴി പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, റെൻഡറിംഗ് പ്ലാന്റുകൾ, Effluent Treatment Plant, പ്ലാസ്റ്റിക് പാഴ് വസ്തു സംസ്കരണ ഫാക്ടറി [(CKCL)- Kunnamthaanam G.P (കിൻഫ്രാ വ്യവസായ പാർക്ക്, പത്തനംതിട്ട)], STP, FSTP, Windrow Composting Unit, Robobin Bio Waste Treatment, Aerobic Composting Units, CBG Plant, BSF Plant, സാനിറ്ററി ഇൻസിനറേറ്റർ പ്ലാന്റുകൾ, RDF പ്ലാന്റുകൾ എന്നിവ വിവിധ തദ്ദേശ സ്ഥാപനങ്ങളിലായി പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് പ്രതിദിനം ഉല്പാദിപ്പിക്കപ്പെടുന്ന അജൈവ മാലിന്യങ്ങളുടെ വിശദാംശം അറിയിക്കുമോ; ഇത്രയും മാലിന്യം ശേഖരിക്കാൻ നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് പ്രതിദിനം ഏകദേശം 2174 TPD അജൈവ മാലിന്യം ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. പ്രസ്തുത മാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ വാർഡ് തലത്തിലെ മിനി എം.സി.എഫ്-കൾ, തദ്ദേശ സ്ഥാപന തലത്തിലെ എം.സി.എഫ്.കൾ, ആർ.ആർ.എഫ്.കൾ എന്നിവിടങ്ങളിൽ ക്ലീൻ കേരള കമ്പനി തുടങ്ങിയ ഏജൻസികൾക്ക് കൈമാറുന്നത് വരെ സൂക്ഷിക്കുന്നു. **MCF, RRF ൽ നടത്തുന്ന രണ്ടാം തരംതിരിവിലൂടെ പുനഃചംക്രമണയോഗ്യമായവ റീസൈക്ലിംഗിനായിട്ടും പുനഃചക്രമണയോഗ്യമല്ലാത്തതും കലോറിഫിക് മൂല്യം ഉള്ളതുമായ മാലിന്യം സിമന്റ് ഫാക്ടറികളിലെ ചൂളകളിൽ ഇന്ധനമായി ഉപയോഗിക്കാവുന്ന RDF ആയും കൈമാറുന്നു.** |
| (സി) | പ്രസ്തുത സംവിധാനത്തിൽ എന്തെങ്കിലും പോരായ്മകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് പഠനം നടത്തുമോ; | (സി) | ഉണ്ട്.<br><br>കേരള ഖരമാലിന്യ സംസ്കരണ പദ്ധതി (KSWMP) യുടെ നേതൃത്വത്തിൽ നഗരപ്രദേശങ്ങളിലും, തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുടെ പ്രത്യേക റിവ്യൂ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപ്രദേശങ്ങളിലും ഗ്യാപ് അനാലിസിസ് നടത്തിയതിൽ മതിയായ മിനി എം.സി.എഫ്-കളുടെ അപര്യാപ്തത, എം.സി.എഫ്-കളിലെ സ്ഥല പരിമിതി, ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ MCF/RRF കളിലെ മെഷിനറികളുടെ അപര്യാപ്തത, അഗ്നി സുരക്ഷാ സംവിധാനങ്ങളുടെ വിടവ്, ചില ഇടങ്ങളിൽ പൊതുജനങ്ങളുടെ എതിർപ്പ്, FSTP/ STP എന്നിവയുടെ അപര്യാപ്തത എന്നിവ കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പഠനത്തിൽ പര്യാപ്തമല്ലെന്ന് കണ്ടെത്തുന്നപക്ഷം അതു പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ഡി) | **സംസ്ഥാനത്ത് നിലവിലുള്ള MCF/RRF കളിലെ നിലവിലെ അനുബന്ധ സൗകര്യങ്ങളുടെ പോരായ്മകൾ സംബന്ധിച്ച വിശദമായ വിവരങ്ങൾ ശേഖരിക്കുകയും ആയത് നികത്തുന്നതിലേക്ക് ആവശ്യമായ പ്രൊജെക്ടുകൾ രൂപീകരിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ** സ്ഥലം സംബന്ധമായ വിഷയം പരിഹരിക്കുന്നതിന് പുറമ്പോക്ക് സ്ഥലങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി ജില്ലാ കളക്ടർമാർ മുഖാന്തിരം സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ